LIBRARY ARCHIVES Kerala Legislative Assembly

മീറ്ററുകൾ നൽകുന്ന സ്ഥാപനങ്ങൾ

19 (2297) ശ്രീ. പി. എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി ബോർഡിന് ആവശ്യമായ മീറ്ററുകൾ ഇപ്പോൾ ഏതെല്ലാം സ്ഥാപനങ്ങളിൽ നിന്നാണ് വാങ്ങുന്നത് ;

(ബി) ഓരോ സ്ഥാപനങ്ങളിൽ നിന്നും എന്ത് വിലയ്ക്കാണ് വാങ്ങുന്നത് എന്ന് വ്യക്തമാക്കുമോ ;

(സി) കൊല്ലം യുണൈറ്റഡ് ഇലക്ട്രിക്കൽ കമ്പനിയിൽ നിന്നും കെ.എസ്.ഇ.ബി. ഇപ്പോൾ മീറ്ററുകൾ വാങ്ങുന്നുണ്ടോ ;

(ഡി) ഇല്ലെങ്കിൽ ഈ പൊതുമേഖലാ സ്ഥാപനത്തിൽ നിന്നും കെഎസ്ഇബി-ക്ക് ആവശ്യമായ മീറ്ററുകൾ വാങ്ങുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) നിലവിലുള്ള ഓർഡർ പ്രകാരം താഴെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നുമാണ് ഇപ്പോൾ സിംഗിൾ ഫെയ്സ്/ത്രീ ഫെയ്സ് ഇലക്ട്രോണിക് മീറ്ററുകൾ വാങ്ങുന്നത്. അതിന്റെയടിസ്ഥാനത്തിലാണ് ഇവയുടെ വില നിശ്ചയിച്ചിരിക്കുന്നത്.

1. മേഖല - നോർത്ത്

	സ്ഥാപനത്തിന്റെ പേര്	വില (എല്ലാ നികുതിയും ഉൾപ്പെടെ)
(എ)	എലിമർ ഇലക്ട്രിക്സ് ഇൻഡസ്ട്രീസ്, ഡൽഹി	348.28 രൂപ
(ബി)	യൂണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ്, കൊല്ലം	"
(സി)	എലിമർ ഇന്റർനാഷണൽ ലിമിറ്റഡ്, ഡൽഹി	"

2. മേഖല - സെൻട്രൽ

(എ)	ഒമിനി അഗ്രോ സിസ്റ്റംസ് ലിമിറ്റഡ്, ചെന്നൈ	342.41 രൂപ
(ബി)	യൂണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ്, കൊല്ലം	"

3. മേഖല - സൗത്ത്

(എ)	മാവോർ കീറ്റേഴ്സ് ലിമിറ്റഡ്, പഞ്ചാബ്	355.38 രൂപ
(ബി)	യൂണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ്, കൊല്ലം	"
(സി)	യൂണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ്, കൊല്ലം ത്രീഫേസ് മീറ്റർ	1415.60 രൂപ

(സി&ഡി) വാങ്ങുന്നുണ്ട്.

ഇടുക്കി ഡാമിലെ അയ്യപ്പൻക്ഷേത്രം

20 (2298) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂഭവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഇടുക്കി ഡാമിന്റെ നിർമ്മാണ ഘട്ടത്തിൽ അയ്യപ്പൻകോവിലിൽ ഉണ്ടായിരുന്ന ക്ഷേത്രം മാറ്റി സ്ഥാപിക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികളായിരുന്നു സ്വീകരിച്ചിരുന്നത് ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

പെരിയാർ നദിയുടെ തീരത്ത്, ഉടുമ്പൻചോല താലൂക്കിലെ അയ്യപ്പൻകോവിൽ വില്ലേജിൽ, ഇടുക്കി ജലസംഭരണിയിൽ ജലശേഖരണം തുടങ്ങുന്നതിന് മുമ്പ് ഒരു ശാസ്താക്ഷേത്രം സ്ഥിതിചെയ്തിരുന്നു. പ്രസ്തുത ക്ഷേത്രത്തിന്റെ ഉടമസ്ഥതയെച്ചൊല്ലി ചാലങ്കോട് ഇല്ലവും പ്രദേശത്തെ സമുദായ പ്രതിനിധികളും തമ്മിൽ തർക്കം കോടതിയിൽ നിലനിന്നിരുന്നു. പ്രസ്തുത ക്ഷേത്രം സമുദ്രനിരപ്പിൽ നിന്ന് ഏകദേശം 2370 അടി ഉയരത്തിലേക്കാണ് നിലനിന്നിരുന്നത്. ഇടുക്കി ജലസംഭരണിയുടെ 'ഫുൾ റിസർവോയർ ലെവൽ' 2403 അടി ആകയാൽ വെള്ളം തടഞ്ഞുനിർത്തുമ്പോൾ പ്രസ്തുത ക്ഷേത്രവും പരിസരവും വെള്ളത്തിനടിയിലാകുമായിരുന്നു. ഇത് മുൻകൂട്ടിക്കണ്ട് ക്ഷേത്രം മറ്റൊരു സ്ഥലത്ത് മാറ്റി സ്ഥാപിക്കാൻ കെ.എസ്.ഇ.ബി. നിർദ്ദേശിക്കുകയും ഇതിനായി ബഹു. ഹൈക്കോടതിയെ സമീപിക്കുകയും ചെയ്തിരുന്നു. ബഹു. ഹൈക്കോടതി 16-3-1976-ൽ പ്രസ്തുത അമ്പലം ഉടുമ്പൻചോല താലൂക്കിലെ കാൽക്കുന്തൽ വില്ലേജിൽ സർവ്വേ നമ്പർ 1/12-ൽ സർക്കാർ അനുവദിച്ച 3 ഏക്കർ സ്ഥലത്ത് മാറ്റി സ്ഥാപിക്കുവാൻ ഉത്തരവ് പുറപ്പെടുവിച്ചു. ഇതിനായി പ്രസ്തുത സ്ഥലത്തിന്റെ അവകാശവും നിയന്ത്രണവും സംയുക്തമായി ഏറ്റെടുക്കാൻ അഡ്വ. ഡി. നാരായണൻ പോറ്റി, അഡ്വ. എച്ച്. ശിവരാമകൃഷ്ണ അയ്യർ എന്നിവരെ റിസീവർമാരായി നിയമിക്കുകയും ക്ഷേത്രം മാറ്റി സ്ഥാപിക്കുന്നതിന് ആവശ്യമായ ചെലവുകൾക്കായി 1 ലക്ഷം രൂപ 1976 മാർച്ച് 31-ന് മുമ്പ് കോടതിയിൽ അടയ്ക്കുവാൻ കെ.എസ്.ഇ.ബി.-യോട് നിർദ്ദേശിക്കുകയും ചെയ്തു. 13-3-1974-ലെ സർക്കാർ ഉത്തരവ് പ്രകാരം അമ്പലം മാറ്റി സ്ഥാപിക്കാനായി

LIBRARY ARCHIVES Kerala Legislative Assembly